വിമുക്തി വാരം: സംസ്ഥാന തലസമാപനം ഇന്ന്

ആലുവ:സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന വിമുക്തി വാരത്തിന്റെ സംസ്ഥാന തല സമാപനം ആലുവയിൽ ഇന്നു നടക്കും.

ഉച്ചക്ക് രണ്ടിനു തോട്ടുംമുഖം വൈഎംസിഎ ക്യാംപ് സൈറ്റിൽ നടക്കുന്ന സമാപന സമ്മേളനം മന്ത്രി എം.വി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും. അൻവർ സാദത്ത് എംഎൽഎ അധ്യക്ഷത വഹിക്കും. വാരാചരണത്തിന്റെ തുടർച്ചയായി സംസ്ഥാനത്തെ എല്ലാ ലൈബ്രറികളിലും ലഹരി വിമുക്ത പരിപാടികൾ സംഘടിപ്പിക്കും.

'മനസോടിത്തിരി മണ്ണ്' ക്യാംപെയ്ൻ ഉദ്ഘാടനം

കൊച്ചി: 'മനസോടിത്തിരി മണ്ണ്' ക്യാംപെയ്നിന്റെ സംസ്ഥാനതല ഉദ്ഘാടനവും ധാരണാപത്രം കൈമാറലും ഇന്ന് വൈകിട്ട് അഞ്ചിന് എറണാകുളം ടൗൺഹാളിൽ മന്ത്രി എം.വി ഗോവിന്ദൻ നിർവഹിക്കും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരം വിനായകൻ മുഖ്യതിഥിയാകും.

ലൈഫ് ഭവന സുരക്ഷ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കുക എന്നതാണ് മനസ്സോടിത്തിരി മണ്ണ് ക്യാംപെയ്നിന്റെ ലക്ഷ്യം. 2021-22 സാമ്പത്തിക വർഷം മുതലുള്ള മൂന്നു വർഷം കൊണ്ട് 2.5 ലക്ഷം ഗുണഭോക്താക്കൾക്കു വേണ്ടി ഭൂമി കണ്ടെത്തും.

റിസോഴ്സ് പെഴ്സൺ ഒഴിവ്

കൊച്ചി: ജില്ല ശുചിത്വമിഷനിലേക്ക് റിസോഴ്സ് പെഴ്സൺമാരുടെ അപേക്ഷ ക്ഷണിച്ചു. യോഗ്യത ബിടെക് (സിവിൽ). ഉദ്യോഗാർഥികൾ ജനുവരി നാലിനകം ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും tscekm@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. ഫോൺ: 8086201881.

കാർ വീട്ടിലേക്ക് ഇടിച്ചു കയറി

മൂവാറ്റുപുഴ : നിയന്ത്രണം വിട്ട കാർ വീട്ടിലേക്ക് ഇടിച്ചു കയറി.മൂവാറ്റുപുഴ - പെരുമ്പാവൂർ എംസി റോഡിൽ തൃക്കളത്തൂർ കാവുംപടിയിൽ ഇന്നലെ പുലർച്ചെ നാലിനായിരുന്നു അപകടം. തൃക്കളത്തൂർ കാവുപടി കാവുംങ്കൽപീടികയിൽ സജീവന്റെ വീട്ടിലേക്കാണ് കാറ് ഇടിച്ചു കയറിയത്. ഷൊർണൂരുനിന്നും കോട്ടയത്തേക്ക് പോകുകയായിരുന്ന കാർ നിയന്ത്രണം വിട്ട് ഇടിച്ച് കയറുകയായിരുന്നു. വീട്ടിനു കേടുപാടുകൾ സംഭവിച്ചു.ആളപായമില്ല.

മോഷണം; ആറ് ഇതര സംസ്ഥാനക്കാർ അറസ്റ്റിൽ

മട്ടാഞ്ചേരി:സംസ്ഥാനത്ത് ഇതര സംസ്ഥാനങ്ങളിലെ ക്രിമിനലുകളെ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ശക്തമാക്കിയിരിക്കെ ലക്ഷങ്ങളുടെ മോഷണ മുതലുമായി ആറ് ഇതര സംസ്ഥാന

തൊഴിലാളികളെ കൊച്ചി ഹാർബർ പൊലീസ് അറസ്റ്റ് ചെയ്തു. കൊച്ചി തുറമുഖത്തെ ഗോഡൗണിലെ താഴ് തകർത്ത് സ്റ്റീലും ഓടും ചെമ്പും ചേർന്നുള്ള പൈപ്പ്

ഇനങ്ങൾ മോഷ്ടിച്ച ബംഗാൾ, ഡൽഹി സ്വദേശികളായ മുഹമ്മദ് സനോവർ (19), മുഹമ്മദ് മാമൂൽ (19), കരീം(19) നീട്ടു (19) തോയൽ (22) ,ഹനീഫ് (38) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.മുച്ചക്ര വാഹനത്തിൽ മോഷണ വസ്തുക്കൾ കടത്തുന്നതിനിടെ സനോവർ, മാമൂൽ എന്നിവരെ പൊലിസ് പിടികൂടുകയും തുടർന്ന് ഇവരെ ചോദ്യം ചെയ്തതിൽ നിന്നാണ് ഇവരുടെ താമസ സ്ഥലമായ പാലാരിവട്ടത്ത് നിന്ന് മറ്റ് പ്രതികളേയും കൂടുതൽ മോഷണ മുതലും പിടികൂടിയത്. ഇവരെ കൂടുതൽ ചോദ്യം ചെയ്തു വരികയാണ്.

കളമശേരി നഗരസഭാ യോഗത്തിൽ കൈയാങ്കളി; വനിതാ അംഗത്തിന് പരിക്ക്

റഫീക്ക് മരക്കാർ

കളമശേരി: ഒരു വർഷമായി നടന്ന നഗരസഭാ കൗൺസിൽ യോഗ മിനിറ്റ്സ് ആവശ്യപ്പെട്ടതിനെ തുടർന്ന് ഭരണകക്ഷി അംഗങ്ങൾ പ്രതിപക്ഷത്തെ കൈയേറ്റം ചെയ്തു. സംഭവം, നടപടിക്രമം ലംഘിച്ച് വാഹനങ്ങൾ വാടകയ്ക്കെടുക്കാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമെന്നു പ്രതിപക്ഷം. സംഘർഷത്തെ തുടർന്നു കൗൺസിൽ യോഗത്തിൽ വായിക്കാതെ എല്ലാ അജണ്ടയും അംഗീകരിച്ചെന്നു പ്രഖ്യാപിച്ച് യോഗം പിരിഞ്ഞു. ചെയർപെഴ്സന്റെ മുറിയിൽ പ്രതിഷേധമറിയിക്കാനെത്തിയ പ്രതിപക്ഷാംഗങ്ങളെ ദേഹോപദ്രവമേൽപ്പിച്ചു. മുതുകിന് പ്രഹരമേറ്റ വനിതാ അംഗം ബോധംകെട്ടുവീണു. മറ്റൊരു കൗൺസിലറുടെ ഷർട്ട് വലിച്ചു കീറി

ഇന്നലെ രാവിലെ 10.30 ന് നടന്ന നഗരസഭാ കൗൺസിൽ യോഗത്തിലാണ് നാടകീയ സംഭവങ്ങൾ അരങ്ങേറിയത്. ഭരണ സമിതി അധികാരമേറ്റശേഷം ഇതുവരെ നടന്ന കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സ് അംഗങ്ങൾക്ക് നൽകിയിരുന്നില്ല.

അടുത്ത കൗൺസിൽ യോഗത്തിന് മുമ്പായി മിനിറ്റ്സ് നൽകുമെന്ന് കഴിഞ്ഞ യോഗത്തിൽ ചെയർപെഴ്സൺ വാക്കു നൽകിയിരുന്നു. ബുധനാഴ്ച നടന്ന യോഗത്തിൽ, മിനിറ്റ്സ് നൽകിയ ശേഷം കൗൺസിൽ ആരംഭിച്ചാൽ മതിയെന്ന് പ്രതിപക്ഷം നിലപാടെടുത്തു.

ഇതോടെ എല്ലാ അജണ്ടയും വായിക്കാൻ ഭരണപക്ഷ കൗൺസിലർമാർ ആവശ്യപ്പെട്ടത് ബഹളത്തിനിടയായി. ഇതിനിടയിൽ എല്ലാ അജണ്ടയും പാസായതായി പ്രഖ്യാപിച്ച് ചെയർപേഴ്സൺ യോഗം പിരിച്ചുവിട്ട് പുറത്തേക്കിറങ്ങി.

പ്രതിപക്ഷം മുദ്രാവാക്യം വിളിച്ച് ചെയർപെഴ്സന്റെ മുറിയിലെത്തിയതോടെ ഭരണകക്ഷി അംഗങ്ങൾ പ്രകോപനം സൃഷ്ടിക്കുകയായിരുന്നു. തുടർന്ന് നടന്ന ഉന്തിലും തള്ളിലും മുതുകിന് പരിക്കേറ്റ ലിസി കാർത്തികേയൻ ബോധംകെട്ടു വീണു. പി.എസ്. ബിജുവിന്റെ ഷർട്ട് വലിച്ചു കീറി. യുഡിഎഫ് അംഗങ്ങളായ ആസാദ്, പ്രശാന്ത്, സിയാദ് എന്നിവരാണ് ആക്രമണത്തിന് നേതൃത്വം നൽകിയതെന്ന് പ്രതിപക്ഷം ആരോപിച്ചു.

മുതിർന്ന കോൺഗ്രസ് നേതാവ് ഇവരെ പിന്തിരിപ്പിക്കാൻ ശ്രമിക്കാത്തതും ശ്രദ്ധേയമായിരുന്നു.പരിക്കേറ്റ ലിസി കാർത്തികേയനെ പത്തടിപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രതിപക്ഷ കൗൺസിലർമാർ നടത്തിയ പ്രതിഷേധ യോഗത്തിൽ സിപിഎം ഏരിയ സെക്രട്ടറി കെ.ബി വർഗീസ്, സിപിഐ ലോക്കൽ സെക്രട്ടറി എസ്. രമേശൻ, പ്രതിപക്ഷ നേതാവ് ഹെന്നി ബേബി, ടി എ അസൈനാർ, കെ കെ ശശി തുടങ്ങിയവർ സംസാരിച്ചു.

കളമശേരി നഗരസഭയിൽ നടന്ന ഭരണ പ്രതിപക്ഷ ഏറ്റുമുട്ടൽ.

നിയമ ലംഘനത്തിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കരുത്: സിപിഎം

കളമശേരി: കളമശേരി നഗരസഭയിൽ അരങ്ങേറിയ സംഭവങ്ങൾ ഭരണകക്ഷിക്ക് ഉദ്യോഗസ്ഥർ ഒത്താശ ചെയ്തതിന്റെ ഫലമാണെന്ന് സിപിഎം ആരോപിച്ചു. കൗൺസിൽ യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം മിനിറ്റ്സ് അംഗങ്ങൾക്ക് നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ ഒരു വർഷമായിട്ടും യോഗങ്ങളുടെ മിനിറ്റ്സ് നൽകാതെ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ നിയമ ലംഘനം നടത്തുകയാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തുമെന്ന് ഏരിയ സെക്രട്ടറി കെ.ബി വർഗീസ് പറഞ്ഞു.

തിരുവൈരാണിക്കുളം: നടതുറപ്പ് ഉത്സവം ഇന്ന് സമാപിക്കും

കാലടി: തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിൽ ശ്രീപാർവതീദേവിയുടെ തിരുനട ഇന്ന് അടയ്ക്കും. രാത്രി എട്ടിനാണ് നട അടയ്ക്കുന്നത്. ഏഴു മണിയോടെ ഭക്തരുടെ ദർശനം പൂർത്തിയാക്കി നട അടയ്ക്കുന്നതിനുള്ള പൗരാണികമായ ആചാരങ്ങൾ ആരംഭിക്കും.

മഹാദേവന്റെ അത്താഴപൂജയ്ക്കു മുൻപ് പാട്ടുപുരയിൽ നിന്നു ദേവിയെ ശ്രീകോവിലിലേക്ക് എഴുന്നള്ളിക്കും. തുടർന്ന് ക്ഷേത്ര ഊരാഴ്മക്കാരായ അകവൂർ, വെടിയൂർ, വെൺമണി മനകളിലെ പ്രതിനിധികളും ഉത്സവ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള സമുദായം തിരുമേനിയും 'പുഷ്പിണി'യായി സങ്കൽപ്പിക്കപ്പെടുന്ന ബ്രാഹ്മണി അമ്മയും നടയ്ക്കൽ സന്നിഹിതരാകും.

'എല്ലാവരും തൃക്കൺ പാർത്തു കഴിഞ്ഞുവോ' എന്ന് ബ്രാഹ്മണി അമ്മ വിളിച്ചു ചോദിക്കും. 'ഊവ്വ്' എന്നു സമുദായം തിരുമേനി പറയും. തുടർന്ന് 'നട അടപ്പിയ്ക്കട്ടേ' എന്നു ബ്രാഹ്മണി അമ്മ മൂന്നു വട്ടം ചോദിക്കും. 'അടപ്പിച്ചാലും' എന്നു സമുദായം തിരുമേനി മറുപടി പറയും. പിന്നാലെ ബ്രാഹ്മണി അമ്മ 'നട അടച്ചാലും' എന്ന് വിളിച്ചറിയിക്കുന്നതോടെ മേൽശാന്തി തിരുനട അടയ്ക്കും. ശ്രീപാർവതീദേവിയുടെ ദർശന സൗഭാഗ്യത്തിനു വേണ്ടിയുള്ള ഒരുവർഷം നീളുന്ന കാത്തിരിപ്പിലേക്ക് ഭക്തർ മടങ്ങും. ഈ വർഷത്തെ നടതുറപ്പ് മഹോത്സവത്തിന്റെ അവസാന ദിനത്തിൽ ഭക്തർക്ക് ഓരോ നിമിഷത്തിനും ഒരു വർഷത്തിന്റെ വിലയുണ്ട്. ഇനിയും ദർശനത്തിനും അർച്ചനകൾ അർപ്പിക്കാനും അവസരം ലഭിക്കാത്ത ഭക്തർക്ക് നിർണായകമായ ദിനമാണിത്.

ഭക്തജനപ്രവാഹമുണ്ടായാലും തിരക്കും കാത്തുനിൽപ്പുമില്ലാതെ സുഗമമായി ദർശനം നടത്താനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ക്ഷേത്ര ട്രസ്റ്റ് അറിയിച്ചു.

കൊച്ചി ഫോട്ടൊ ജേർണലിസ്റ്റ് ഫോറം സംഘടിപ്പിക്കുന്ന പോർട്ട്ഫോളിയോ 2022ന്റെ ബ്രോഷർ ലോക ബാഡ്മിന്റൺ താരം പി.വി സിന്ധു പ്രകാശനം ചെയ്യുന്നു.

പോർട്ട്ഫോളിയോ ബ്രോഷർ പി.വി സിന്ധു പ്രകാശനം ചെയ്തു

കൊച്ചി: പത്ര ഫോട്ടൊഗ്രാഫർമാരുടെ കൂട്ടായ്മയായ കൊച്ചി ഫോട്ടൊ ജേർണലിസ്റ്റ് ഫോറം സംഘടിപ്പിക്കുന്ന ഫോട്ടൊ പ്രദർശനമായ പോർട്ട്ഫോളിയോ 2022ന്റെ ബ്രോഷർ ലോക ബാഡ്മിന്റൺ താരവും ടോക്കിയോ ഒളിംപിക്സ് മെഡൽ ജേതാവുമായ പി.വി. സിന്ധു പ്രകാശനം ചെയ്തു. കൊച്ചി ഫോട്ടൊ ജേർണലിസ്റ്റ് ഫോറത്തിന്റെ സിൽവർ ജൂബിലി വർഷത്തിലാണ് ഇത്തവണത്തെ പ്രദർശനം. ജനുവരി 2 മുതൽ 4 വരെ എറണാകുളം ദർബാർഹാൾ ആർട്ട് ഗ്യാലറിയിലാണ് പ്രദർശനം.

എറണാകുളത്തെ വിവിധ പത്രമാധ്യമ സ്ഥാപനങ്ങളിലെ 42ഓളം ഫോട്ടൊഗ്രാഫർമാരുടെ തെരഞ്ഞെടുക്കപ്പെട്ട 78 ചിത്രങ്ങൾ പ്രദർശനത്തിനുണ്ടാവും. ഫോട്ടൊ ജേർണലിസ്റ്റ് ഫോറം കൺവീനർ മനു വിശ്വനാഥ്, ജോയിന്റ് കൺവീനർമാരായ നിതിൻ കൃഷ്ണൻ, മനു ജോഷാൻ തുടങ്ങിയവർ ബ്രോഷർ പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

ഒമിക്രോൺ നിയന്ത്രണം

കൊച്ചിയിൽ നടപടി ശക്തമാക്കി പൊലീസ്

മട്ടാഞ്ചേരി:ഒമിക്രോൺ വ്യാപന ആശങ്കയുടെ പശ്ചാത്തലത്തിൽ പുതുവത്സരാഘോഷത്തിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി കൊച്ചിയിൽ പൊലീസ് നടപടി ശക്തമാക്കും.രാത്രി പത്തിനു ശേഷം ഹോട്ടലുകളിലടക്കം ഡാൻസും,ഡിജെ പാർട്ടികളും ആഘോഷങ്ങളും അനുവദിക്കില്ലെന്ന് പൊലീസ് അറിയിച്ചു.

നിലവിൽ രാത്രി കാലങ്ങളിൽ കൊച്ചി കടപ്പുറത്ത് തടിച്ചു കൂടുന്നവർ നിയന്ത്രണങ്ങളെ തുടർന്ന് വീടുകളിലിരിക്കേണ്ടി വരും. ചെറുതും വലുതുമായുള്ള പപ്പാഞ്ഞികളെ ഒരുക്കി 31ന് രാത്രിയുള്ള വഴിയോരങ്ങളിലെ പുതുവത്സര വരവേൽപ്പ് ഒഴിവാക്കാൻ ചെറുകിട ക്ലബ്ബുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. ആഘോഷങ്ങൾ അതിരുവിട്ടാൽ കർശനനടപടികളുണ്ടാകുമെന്ന് മട്ടാഞ്ചേരി അസി.പൊലിസ് കമ്മീഷ്ണർ വി.ജി. രവീന്ദ്രനാഥ് പറഞ്ഞു. രാത്രി പത്തിന് ശേഷം പൊലീസ് പെട്രോളിങ് ശക്തമാക്കിയിട്ടുണ്ട്. 10 മണിയോടെ തീരദേശ കൊച്ചിയിലേയ്ക്കുള്ള കവാടങ്ങൾ അടച്ചിട്ട് നിയന്ത്രണങ്ങൾ കർശനമാക്കും.കൊച്ചിയിലേക്കുള്ള അതിർത്തി പ്രദേശങ്ങളായ കുമ്പളങ്ങി,ചെല്ലാനം,ഇടക്കൊച്ചി,തോപ്പുംപടി ബിഒടി പാലം,ഹാർബർ പാലം,ഫോർട്ട്കൊച്ചി, റോ റോ ജെട്ടി എന്നിവിടങ്ങളിൽ പൊലീസ് പിക്കറ്റിങ് ഏർപ്പെടുത്തും. ഇടറോഡുകളിലും പ്രധാന റോഡുകളിലും പൊലീസ് പെട്രോളിങ് ഉണ്ടാകും. മുൻ കാലങ്ങളിലെ ആഘോഷ ദിനങ്ങളുടെ ഓർമകൾ അയവിറക്കി 2022നെ വരവേൽക്കേണ്ട സാഹചര്യമാണ് തീരദേശ കൊച്ചിയിലെതെന്ന് സാംസ്ക്കാരിക സംഘടന ഭാരവാഹികൾ പറഞ്ഞു.

എറണാകുളം റൂറൽ ജില്ലയിൽ പൊലീസ് വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സുരക്ഷാ ക്രമീകരണങ്ങൾക്കായി 1500 ഓളം പൊലീസ് ഉദ്യോഗസ്ഥരെ പുതുവത്സരത്തലേന്ന് മുതൽ പകലും രാത്രിയും ആയി ഡ്യൂട്ടിക്കായി നിയോഗിക്കും.പൊതു സ്ഥലങ്ങളിലും ബീച്ചുകളിലും പാർക്കുകളിലും മറ്റും മദ്യപിക്കുന്നവരെയും സ്ത്രീകളേയും കുട്ടികളേയും ശല്യം ചെയ്യുന്നവരെയും പിടികൂടുന്നതിനായി വനിത പൊലീസ് ഉൾപ്പെടെ ഉദ്യോഗസ്ഥർ മഫ്തിയിലും ഡ്യൂട്ടിക്കായി ഉണ്ടായിരിക്കുന്നതാണ്. ലഹരിപദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനും നടപടികൾ എടുക്കുന്നതിനുമായി പ്രത്യേക പരിശീലനം ലഭിച്ച പൊലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബീച്ചുകളിലും പാർക്കുകളിലും മറ്റും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളെ വൈകിട്ട് മുതൽ എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പൊലീസ് സ്റ്റേഷൻ പരിധികളിലും പ്രത്യേക പൊലീസ് ബന്തവസ്, പ്രത്യേക പോലീസ് പട്രോളിങ് എന്നിവയുണ്ടായിരിക്കും.

ഇരട്ടക്കൊലപാതകം: റിപ്പർ ജയാനന്ദനുമായി തെളിവെടുപ്പ്

കൊച്ചി: പോണേക്കര ഇരട്ടക്കൊലപാതകത്തിൽ റിപ്പർ ജയാനന്ദനെ കൊലപാതകം നടന്ന വീട്ടിൽ തെളിവെടുപ്പിനെത്തിച്ചു.

ക്രൈംബ്രാഞ്ച് എസ്പി മോഹനചന്ദ്രന്റെ നേതൃത്വത്തിലായിരുന്നു തെളിവെടുപ്പ്. 2004ൽ എറണാകുളം ഇടപ്പള്ളി പോണേക്കരയിൽ വൃദ്ധദമ്പതികളെ തലയ്ക്കടിച്ച് കൊലപ്പെടുത്തിയ കേസിൽ കഴിഞ്ഞദിവസമാണ് ഇയാളെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്. ഇരട്ടക്കൊലക്കേസിൽ ജയാനന്ദൻ കുറ്റസമ്മതം നടത്തിയിരുന്നു.

ഏഴ് കൊലക്കേസ് സഹിതം നിരവധി കേസുകളിൽ പ്രതിയാണ് തൃശൂർ മാള സ്വദേശിയായ റിപ്പർ ജയാനന്ദൻ. സ്ത്രീകളെ തലയ്ക്കടിച്ച് കൊലപ്പെടുത്തിയ ശേഷം മോഷണം നടത്തുക എന്നതായിരുന്നു ഇയാളുടെ പ്രവർത്തന രീതി. 14 കവർച്ചാ കേസുകളിലും ഇയാൾ പ്രതിയാണ്. പലതവണ ജയിൽ ചാടിയിട്ടുള്ള ഇയാൾ നിലവിൽ ജയിലിലാണ്. പുത്തൻവേലിക്കര കൊലക്കേസിലും മാള ഇരട്ടക്കൊലക്കേസിലും ശിക്ഷിക്കപ്പെട്ടയാളാണ് റിപ്പർ ജയാനന്ദൻ.

ഈ കേസുകളിൽ ആദ്യം വധശിക്ഷ വിധിച്ചിരുന്നെങ്കിലും പിന്നീട് ശിക്ഷ മരണം വരെ തടവായി കുറച്ചു.

റിപ്പർ ജയാനന്ദനെ പോണേക്കരയിൽ ഇരട്ടക്കൊലപാതകം നടന്ന വീട്ടിലെത്തിച്ചു തെളിവെടുക്കുന്നു.

അമൃതാനന്ദമയീമഠത്തിന്റെ പ്രവർത്തനം മാതൃകാപരം: മന്ത്രി പി. രാജീവ്

കൊച്ചി: വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് മാതാ അമൃതാനന്ദമയീദേവി ആഹ്വാനം ചെയ്ത അമൃതശ്രീ (അമൃത സ്വാശ്രയ സംഘം) പദ്ധതിയുടെ എറണാകുളം മേഖലാ സമ്മേളനങ്ങൾക്ക് തുടക്കമായി. അമൃതശ്രീ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കായും വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും ദുരിതമനുഭവിച്ച കുടുംബങ്ങൾക്കുമായുള്ള 35 കോടി രൂപയുടെ കൊവിഡ് ദുരിതാശ്വാസ പാക്കേജ് കഴിഞ്ഞ ദിവസമാണ് മാതാ അമൃതാനന്ദമയീ മഠം അവതരിപ്പിച്ചത്. അമൃതശ്രീ പദ്ധതി 17 വർഷം പിന്നിടുന്നതിനോടനുബന്ധിച്ച് ധനസഹായത്തിന് പുറമെ, ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും കേരളത്തിലുടനീളം വിതരണം ചെയ്യുമെന്നും മഠം അധികൃതർ അറിയിച്ചു.

ജില്ലയിൽ കുന്നുംപുറം, വൈപ്പിൻ, പറവൂർ തുടങ്ങിയ മൂന്ന് മേഖലകൾ തിരിച്ചാണു വിതരണം. കുന്നുംപുറം മാതാ അമൃതാനന്ദമയീ മഠത്തിൽ മന്ത്രി പി. രാജീവ് പദ്ധതി ഉദ്ഘാടനം ചെയ്തു. അർഹരായ ആളുകളിലേക്ക് നേരിട്ട് സഹായമെത്തിക്കുന്ന അമൃതാനന്ദമയീമഠത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. മാനവസേവ മാധവസേവ എന്ന ആപ്തവാക്യം മുറുകെപ്പിടിക്കുന്ന പ്രവർത്തനങ്ങളാണ് അമ്മയ്ക്കും അമൃതശ്രീ പോലുള്ള മഠത്തിന്റെ പദ്ധതികൾക്കും സാധിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഹൈബി ഈഡൻ എംപി അഭിപ്രായപ്പെട്ടു. ബിജെപി ഉപാധ്യക്ഷൻ ഡോ. കെ. എസ്. രാധാകൃഷ്ണൻ, അമൃത ശ്രീ കോർഡിനേറ്റർ ശ്രീ രംഗനാഥൻ എന്നിവർ പങ്കെടുത്തു. സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തി.

തുരുത്ത് റെയ്ൽവേ നടപ്പാലം ഇന്ന് തുറക്കും

ആലുവ: പുനർനിർമാണം പൂർത്തീകരിച്ച തുരുത്ത് റെയ്ൽവേ നടപ്പാലം ഇന്ന് യാത്രക്കാർക്കായി തുറന്നു നൽകുമെന്ന് നിർമാണ ചുമതലയുള്ള റെയ്ൽവേ എൻജിനീയർ ജോസഫ് അഗസ്റ്റിൻ അറിയിച്ചു. ഇരുമ്പ് കൈവരികളിൽ സിൽവർ പെയിന്റിങ് നടത്തുന്നതുൾപ്പടെയുള്ള അവസാനവട്ട മിനുക്കു പണികൾ ഇന്നത്തോടെ പൂർത്തിയാകും.

ഡിസംബർ 9 ന് തുറക്കുമെന്നറിയിച്ചിരുന്ന പാലം മഴ മൂലം നിർമാണ പണികൾ മന്ദഗതിയിലായതിനാൽ നീണ്ടു പോവുകയായിരുന്നു. തുടർന്ന് 30 ന് പണി പൂർത്തികരിക്കുമെന്ന് കാണിച്ച് പുതുക്കിയ നോട്ടീസ്ബോർഡ് റെയിൽവേ വക്കുകയും ചെയ്തു.

2021 സെപ്റ്റംബർ 20നാണ് റെയ്ൽവേ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. തുരുത്ത് ജനതയുടെ കാലങ്ങളായുള്ള ആവശ്യം സഫലീകൃതമാവുകയാണ്.

പാലം തുറക്കുമ്പോൾ കീറാമുട്ടിയായി യാത്രികർക്ക് ഗതാഗത തടസം സൃഷ്ടിച്ച് റെയിൽവേയുടെ തുരുമ്പെടുത്ത ഗർഡറുകൾ നടപ്പാലത്തിന്റെ നഗരഭാഗത്തെ പ്രവേശന കവാടത്തിൽ (എംജി. ടൗൺ ഹാളിന് പുറകുവശത്ത്) അടിയിട്ടിരിക്കുന്നത് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടു സമന്വയ ഗ്രാമവേദി എംപി.യെ കണ്ട് അഭ്യർത്ഥിച്ചിരുന്നു.

തുടർന്ന് എം.പി.ബെന്നി ബെഹനാൻ ഈ വിഷയം ഉന്നയിച്ച് തിരുവനന്തപുരം റെയ്ൽവേ ഡിവിഷണൽ മാനെജർക്ക് കത്ത് നൽകുകയുണ്ടായി. ഗർഡറുകൾ നീക്കം ചെയ്യുവാൻ ഡിവിഷണൽ മാനെജർ ഉത്തരവായിട്ടുണ്ട്.

മെട്രൊ സ്റ്റേഷനിൽ മ്യൂസിക്കൽ സ്റ്റെയർ ഉദ്ഘാടനം ചെയ്തു

കൊച്ചി:മെട്രൊ എംജി റോഡ് സ്റ്റേഷനിൽ സംസ്ഥാനത്തെ ആദ്യത്തെ മ്യൂസിക്കൽ സ്റ്റെയർ ഗായിക ആര്യ ദയാൽ ഉദ്ഘാടനം ചെയ്തു.

പ്ലാറ്റ്ഫോമിലേക്കുള്ള പടികൾ കയറുമ്പോഴും ഇറങ്ങുമ്പോഴും സംഗീതം പൊഴിക്കുന്നതാണ് മ്യൂസിക്കൽ സ്റ്റെയർ പിയാനോ, കീ ബോർഡ് എന്നിവ വായിക്കാനറിയാവുന്നവർക്ക് കാൽപ്പാദം ഉപയോഗിച്ച് സംഗീതം കമ്പോസ് ചെയ്യാം.

ഇതുപയോഗിച്ച് പുതിയ സംഗീതം കംപോസ് ചെയ്യാൻ വരെ കഴിയും. മെട്രൊ സ്റ്റേഷനിലെ ബി ഭാഗത്തു നിന്ന് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് കയറുന്ന സ്റ്റെയറിൽ ആണ് മ്യൂസിക് സ്റ്റെയർ ക്രമീകരിച്ചിരിക്കുന്നത്.

2016ലെ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്സി കോഡിന് കീഴിലുള്ള ഇ ലേലം വിൽപന അറിയിപ്പ്
കെ എസ് എസ് പെട്രോൺ പ്രൈവറ്റ് ലിമിറ്റഡ് (ലിക്വിഡേഷനിൽ)
CIN: U45400MH2007PTC234297, [illegible] MH 400071.
[illegible] 20.01.2022 11:00 A.M മുതൽ 02:00 പി.എം.വരെ
(5 മിനിറ്റ് വീതം അൺലിമിറ്റഡ് എക്സ്റ്റൻഷനോടെ)

[illegible] 27.12.2019 [illegible] https://ncltauction.auctiontiger.net [illegible]

അസ്സറ്റ്	റിസർവ് തുക (രൂപയിൽ)	ഇ എം ഡി തുക (രൂപയിൽ) & സമർപ്പിക്കേണ്ട തീയതി	ഇൻക്രിമെന്റൽ ബിഡ് തുക (രൂപയിൽ)
[illegible] http://ksspetron.in/liquidation.html	42,38,530/-	4,23,850/- During: 30.12.2021 to 08.01.2022	20,000/- Or above

കുറിപ്പുകൾ
1) [illegible]
2) [illegible] https://petronengineering.com/liquidation-process/liquidation-process [illegible]
3) [illegible] 011-49121644-45 [illegible] +91 9667090135 [illegible]

[illegible] IBBI [illegible]: IBBI/IPA-002/IP-N00103/2017-18/10246 , liquidatorksspetron@vkcindia.com [illegible] ip.vineetchaudhary@gmail.com [illegible] D-38, LGF (L/S), [illegible]-110049
[illegible]: 30.12. 2021

2016ലെ ഇൻസോൾവെൻസി ആൻഡ് ബാങ്ക്റപ്സി കോഡിന് കീഴിലുള്ള ഇ ലേലം വിൽപന അറിയിപ്പ്
പെട്രോൺ എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ ലിമിറ്റഡ് (ലിക്വിഡേഷനിൽ)
CIN: L45202MH1976PLC019135
[illegible] MH 400071
[illegible] 20.01.2022 11:00 A.M മുതൽ 02:00 പി.എം.വരെ
(5 മിനിറ്റ് വീതം അൺലിമിറ്റഡ് എക്സ്റ്റൻഷനോടെ)

[illegible] 23.01.2020 [illegible] https://ncltauction.auctiontiger.net [illegible]

അസ്സറ്റ്	റിസർവ് തുക (രൂപയിൽ)	ഇ എം ഡി തുക (രൂപയിൽ) & സമർപ്പിക്കേണ്ട തീയതി	ഇൻക്രിമെന്റൽ ബിഡ് തുക (രൂപയിൽ)
[illegible] http://petronengineering.com/liquidation-process	34,60,851/-	3,46,085/- During: 30.12.2021 to 08.01.2022	20,000/- Or above

കുറിപ്പുകൾ
1) [illegible]
2) [illegible] https://kisspetron.in/liquidation.html [illegible]
3) [illegible] 011-49121644-45 [illegible] +91 9667090135 [illegible]

[illegible] IBBI [illegible]: IBBI/IPA-002/IP-N00103/2017-18/10246 liquidatorpecl@vkcindia.com [illegible] ip.vineetchaudhary@gmail.com [illegible] D-38, LGF (L/S), [illegible]-110049
[illegible]: 30.12.2021

ഒരു വിധിയിൽ വിറങ്ങലിച്ച ഒരുകൂട്ടം സ്വപ്നങ്ങൾ!
ഇന്ന് മുതൽ
വിധി
THE VERDICT

Edited, Printed and Published by R. Gopikrishnan, Chief Editor on behalf of M/s.Vaartha News Network Pvt.Ltd., E. Rudran Warrier (Executive Editor), Vol 14, Issue No.364 RNI No. KERMAL/ 2009/ 29279, Printed at S.T. Reddiar Printers, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt. Ltd, 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: info@metrovaartha.com